കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ

* 478 [502] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ:

,, എൻ.പി. മൊയ്തീൻ:

,, കെ.പി. നൂറുദ്ദീൻ:

,, കെ.പി. വിശ്വനാഥൻ:

,, സ്റ്റീഫൻ പാദുവ: താഴെ കാണുന്ന കാര്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി ദയവു മറുപടി നൽകുമോ:

(എ) കടലാക്രമണ നിരോധന പ്രവർത്തനങ്ങൾക്കായി ഈ ആണ്ടത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്ന തുക എന്ത്;

(ബി) കടലാക്രമണം ഒരു ദേശീയ വിപത്തായി പരിഗണിച്ച് അതിന്റെ നിരോധന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ മുഴുവനും കേന്ദ്രംതന്നെ വഹിക്കണമെന്ന് ആവശ്യപ്പെട്ടുവോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) 434.58 ലക്ഷം രൂപ. ഇതുകൂടാതെ വെള്ളപ്പൊക്ക നിവാരണനടപടികളുടെ ഭാഗമായി 2 കോടി രൂപകൂടി വകയിരുത്തിയിട്ടുണ്ട്.

(ബി) മുഴുവൻ ചെലവുകളും വഹിക്കണമെന്നാവശ്യപ്പെട്ടിട്ടില്ല. എന്നാൽ ഇപ്പോൾ കേന്ദ്രം നൽകിവരുന്ന വായ്പാസഹായം ഗ്രാൻറാക്കി മാറ്റുവാൻ വേണ്ട നടപടി എടുക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: ഈ ബഡ്ജറ്റ് വർഷത്തിൽ കടൽഭിത്തി നിർമ്മാണത്തിന്ന് കേന്ദ്രഗവൺമെൻറ് കേരളത്തിനു നൽകിയ സഹായധനം എത്ര; അതിൽ കേരളം ചെലവഴിച്ചത് എത്ര എന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. എം. കെ. രാഘവൻ: നാലരക്കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. അതിന് ഇന്നേവരെ നാലുകോടിയിൽപരം രൂപ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ. എൻ.പി. മൊയ്തീൻ: കടൽഭിത്തികെട്ടാൻ കരിങ്കല്ല് കിട്ടാത്തതുകാരണം കോഴിക്കോടും മറ്റും പ്രവർത്തനം സ്തംഭിച്ചിട്ടുള്ളതായി മനസ്സിലാക്കാൻ സാധിച്ചു. അതിനു വല്ല നടപടിയും സ്വീകരിക്കുവാൻ ഗവൺമെൻറ് തയ്യാറായിട്ടുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: ഗ്രാനൈറ്റ് സ്റ്റോറോണിന്റെ ദൗർലഭ്യംകൊണ്ട് കടൽഭിത്തി കെട്ടാൻ പ്രയാസമാണെന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഇതേവരെ പെട്ടിട്ടില്ല.

ശ്രീ. എൻ.പി. മൊയ്തീൻ: ഈ വർഷം എത്ര പ്രദേശങ്ങളിലായി എത്ര സ്ഥലത്തു കടലാക്രമണ നിരോധന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ശ്രീ. എം.കെ. രാഘവൻ: 43 സ്ഥലങ്ങളിലായി 75 പണി നടന്നുകൊണ്ടിരിക്കുകയാണ് കേരളത്തിലുടനീളം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ: 4 കോടിയിൽപരം രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്നു ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഓരോ കൊല്ലവും കേരളത്തിൽ കൂടെക്കൂടെ ഉണ്ടാകുന്ന കടലാക്രമണത്തിന്റെ ഫലമായി അതാതവസരങ്ങളിൽ പലപ്പോഴായി കൂടുതൽ തുക ചെലവഴിക്കേണ്ടിവരുന്നുണ്ട്. അതു കണക്കിലെടുത്ത് ഈ കടലാക്രമണ നിരോധനപ്രവർത്തനങ്ങൾ കൂടുതൽ ശക്തിയായും വ്യാപകമായും സംഘടിപ്പിക്കുവാൻ കൂടുപേണംകൂടി മറ്റു മേഖലകളിൽനിന്നും സംഭരിക്കുവാൻ ഗവൺമെന്റ് എന്തെങ്കിലും പരിപാടി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതെന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം.കെ. രാഘവൻ: കേരളത്തിൽ മൊത്തത്തിൽ 560 കിലോമീറ്റർ നീളമാണുള്ളത്. അതിൽ 320 കിലോമീറ്റർ നീളത്തിൽ കരിങ്കൽ ചിറ കെട്ടണമെന്നാണ് തീർച്ചയാക്കിയിട്ടുള്ളത്. അതൊരു സമയ ബന്ധിത പരിപാടിയായിട്ടാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുക. ആ തോതനുസരിച്ച് വരുന്ന കുറെ കൊല്ലങ്ങൾക്കുള്ളിൽ തീരത്തക്കവിധത്തിൽ ക്രമപ്പെടുത്തിയാണ് പണി നടത്തിക്കൊണ്ടിരിക്കുന്നത്. ഇപ്പോൾതന്നെ ചെയ്യാവുന്നതിന്റെ മാക്സിമം അതിനുവേണ്ടി ചെലവഴിക്കുന്നുണ്ട്.

ശ്രീ. എസ്. ത്യാഗരാജൻ: വർഷാവർഷം കോടിക്കണക്കിനു രൂപ കടലാക്രമണ നിരോധനപ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിക്കുന്നുണ്ട്. അതിനു ശാശ്വത പരിഹാരമെന്ന നിലയിൽ പ്രകൃതിദത്തമായി മണൽ ഉള്ള സ്ഥലങ്ങളിൽ മണൽച്ചിറ കെട്ടാൻ മുൻഗണന നൽകുമോ? അങ്ങനെയാണെങ്കിൽ കൊല്ലം പോർട്ടിൽ തങ്കശ്ശേരിമുതൽ പള്ളിത്തോടു വരെയുള്ള ഭാഗത്തു ഗവൺമെന്റിന്റെ പരിഗണനയിലുള്ള സ്കീം നടപ്പിലാക്കുമോ?

ശ്രീ. എം.കെ. രാഘവൻ: കടൽഭിത്തികൾക്കുപരിയായി പല പദ്ധതികളും പരീക്ഷിച്ചു നോക്കിയിട്ടുണ്ട്. ആ പരീക്ഷണങ്ങളെല്ലാം പലപ്പോഴും പരാജയപ്പെട്ടിട്ടുള്ളതായിട്ടാണ് ബോധ്യമായിട്ടുള്ളത്. അതുകൊണ്ട് ഇനിയും പരീക്ഷണത്തിനു ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. ബി.എം. ഷെറീഫ്: ഈ സാമ്പത്തിക വർഷത്തിൽ നാലു കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നു പറഞ്ഞു. വെള്ളപ്പൊക്കവും കടലാക്രമണവും ഉണ്ടായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രത്തിൽനിന്നും കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ തുക ചെലവാക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടി സ്വീകരിച്ചു?

ശ്രീ. എം.കെ. രാഘവൻ: ഞാൻ അതു നേരത്തെ പറഞ്ഞു. ഈ ഫ്ളഡ് ഉണ്ടായിട്ടുള്ളതിന്റെ പേരിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യയിൽനിന്നും ഏതാണ്ട് 67 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു. അതിന്റെ തോതു കണക്കാക്കി, നമുക്കു സഹായധനം തരുന്നതിന്റെ പാറേറൺ കണക്കാക്കിയാണ് 2 കോടി രൂപ കൂടുതലായി വകയിരുത്തിയതെന്നു ഞാൻ നേരത്തെ പറഞ്ഞു. 67 ലക്ഷം രൂപ വെള്ളപ്പൊക്ക നിവാരണത്തിനുവേണ്ടി ഇൻഡ്യാ ഗവൺമെന്റ് പ്ലാൻ സ്കീമിനു പുറത്തു തന്നിട്ടുള്ളതിന്റെ തോതനുസരിച്ച് 2 കോടി രൂപ നമുക്കു ലഭിക്കേണ്ടതായിട്ടുണ്ട്. അതുകൂടി കണക്കിലെടുത്തിട്ടുണ്ട്.

ശ്രീ. ടി.എച്ച്. മുസ്തഫ: കാറ്റും കോളും ഉണ്ടാകുമ്പോൾ കടൽക്ഷോഭംമൂലം ദുരിതം അനുഭവിക്കുന്നതും ദുരിതാശ്വാസം നൽകുന്നതുമായ ചെല്ലാനം, വൈപ്പിൻകര പ്രദേശങ്ങളിൽ മണൽച്ചിറ പരീക്ഷിച്ചു

LIBRARY ARCHIVES Kerala Legislative Assembly

പരാജയപ്പെട്ട സ്ഥലത്തു മാത്രമായി കടൽഭിത്തി നിർമ്മിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എം. കെ. രാഘവൻ: അങ്ങനെയാണു അവിടെ പരിപാടിയിട്ടിരിക്കുന്നത്. ഇപ്പോഴത്തെ മണൽഭിത്തിയല്ല കരിങ്കൽ ഭിത്തിതന്നെയാണ് ചെല്ലാനത്തും വൈപ്പിൻകരയിലും എല്ലാം കെട്ടാൻ പരിപാടിയുള്ളത്.

ശ്രീ. കെ.കെ. ബാലകൃഷ്ണൻ: ആകെ 560 കിലോമീറ്റർ കടലോരം ഉണ്ടെന്നു പറഞ്ഞു. അതിൽ 320 കിലോമീറ്റർ ആണ് ആക്രമണമുള്ളതെന്നും പറയുകയുണ്ടായി. അതിൽ എത്ര കിലോമീറ്റർ നീളത്തിൽ ഭിത്തിനിർമ്മാണം കഴിഞ്ഞു എന്നു പറയാമോ? ബാക്കിയുള്ള സ്ഥലത്ത് സമയബന്ധിത പരിപാടി അനുസരിച്ച് എത്രകൊല്ലം വേണ്ടിവരുമെന്നും കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: 320 കിലോമീറ്റർ ആണ് മൊത്തത്തിലുള്ളത്. അതിൽ 190 കിലോമീറ്റർ കഴിഞ്ഞിരിക്കുന്നു. ഈ വർഷം 16 കിലോമീറ്റർ ദൂരത്തിൽ പണിതീരും. ബാക്കിയുള്ളത് 16 കിലോമീറ്റർ എന്ന തോതിൽ തീരുന്നതാണ്.

ശ്രീ. എം.വി. രാഘവൻ: സ്ഥിരമായി കടലാക്രമണമുണ്ടായികൊണ്ടിരിക്കുന്ന മാട്ടൂൽ, പുതിയങ്ങാടി, ഉദുമ മുതലായ സ്ഥലങ്ങളെ കടലാക്രമണ പ്രതിരോധ നടപടികളുടെ കാര്യത്തിൽ അവഗണിക്കുന്നു എന്ന പരാതി വല്ലതും കിട്ടിയിട്ടുണ്ടോ; അത്തരം പ്രദേശങ്ങളിലെ പണി പൂർത്തിയാക്കുന്ന കാര്യത്തിൽ മുൻഗണനകൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. എം.കെ. രാഘവൻ: അങ്ങനെ ഏതെങ്കിലും പ്രദേശങ്ങളെ അവഗണിക്കുന്നതായി പരാതിയൊന്നും ഗവൺമെന്റ് ശ്രദ്ധയിൽ കൊണ്ടുവന്നിട്ടില്ല.

ശ്രീ. സേവ്യർ അറയ്ക്കൽ: 75 വർക്കുകളാണ് ഉള്ളതെന്നു പറഞ്ഞു. അതിൽ എത്ര വർക്കുകളാണ് കോൺട്രാക്ടർമാരുടെ അനാസ്ഥമൂലം ചെയ്യാതെ വന്നിട്ടുണ്ട്; വർക്കു ചെയ്യുന്നില്ലെന്ന വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

ശ്രീ. എം. കെ. രാഘവൻ: 75 വർക്കുകളും എന്നു പറഞ്ഞതു വർക്സ് ഇൻ പ്രോഗ്രസ് ആണ്. വർക്ക് ഇല്ലാതെ മുടങ്ങി കിടക്കുന്നതു സംബന്ധിച്ചല്ല. മുടങ്ങാത്തതാണ്. മുടങ്ങിയത് എത്രയുണ്ടെന്നു അന്വേഷിച്ചു പറയാം.

ശ്രീ. ഇ. അഹമ്മദ്: 130 കിലോമീറ്ററോളം ബാക്കി വരുമെന്നു പറഞ്ഞു. ഒരു കൊല്ലം 16 കിലോമീറ്റർവീതം ചെയ്യുകയാണെങ്കിൽ അഞ്ചെട്ടുകൊല്ലം എടുക്കുമെന്നുള്ളതുകൊണ്ട് ഈ സ്ഥലങ്ങൾ വീണ്ടും കടലാക്രമണത്തിനു വിധേയമായി കൂടുതൽ വ്യാപിക്കാൻ ഇടയാകുകയില്ലേ; ഈ കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരമുണ്ടാക്കാൻ തയ്യാറാകുമോ?

ശ്രീ. എം.കെ. രാഘവൻ: ഒരു കിലോമീറ്റർ കടൽഭിത്തി കെട്ടണമെങ്കിൽ 25, 26 ലക്ഷം രൂപ ചെലവു വരും. അതുകൂടി കണക്കിലെടുക്കണം. നാളെത്തന്നെ ചെയ്തു തീർത്താൽ തരക്കേടില്ലെന്നുണ്ട്. പക്ഷേ, അതിനുള്ള സാമ്പത്തിക ശേഷിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: ഗ്രാന്റും കടവുമായിട്ട് ഇതിന്റെ ചെലവ് കേന്ദ്രഗവൺമെന്റു വഹിക്കുന്നു എന്നുള്ള നിലയിൽ ഈ കൊല്ലം ആകെ 4,34,58,000 രൂപയും പിന്നെ രണ്ടു കോടിയും കൂടി ചേർത്ത് 6,34,58,000 രൂപ കിട്ടിയതിൽ 4 കോടി രൂപമാത്രമേ ഈ വർഷം ചെലവാക്കിയിട്ടുള്ളു എന്ന കാരണത്താൽ ഈ പണം മുഴുവനും ഉപയോഗിക്കുവാൻ ഈ പ്രവർത്തനം കൂടുതൽ കാര്യക്ഷമതയോടുകൂടിയും വേഗതയിലും മുന്നോട്ടു കൊണ്ടുപോകാൻ ഗവൺമെന്റ് എന്തെങ്കിലും നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: സർ, മാർച്ചുമാസം തുടങ്ങിയതാണ്. മാർച്ചുമാസം അവസാനമാകുമ്പോഴും ഈ പറയുന്ന മുഴുവൻ സംഖ്യയും ചെലവാകും. ചിലപ്പോഴും പോരാതെയും വരും. പിന്നെ സഹായത്തിന്റെ പാറ്റേൺ മെമ്പർ പറഞ്ഞതുപോലെയല്ല. 2:1 റേഷ്യോയിലാണ്. അതിൽ 2/3 ഗവൺമെന്റ് കടമായിട്ടു തരും. പ്ലാനിൽ കൊള്ളിച്ചാണ് തരുന്നത്. 1/3 ഈ ഗവൺമെന്റ് വഹിക്കുന്നതാണ്. അതിനുപുറമേ പ്ലാനിനു പുറത്താണ് 67 ലക്ഷം രൂപ ഈ കൊല്ലം കടമായിട്ടു തന്നത്. അതിന്റെ പ്രൊപ്പോർഷണേറായിട്ട് ബാക്കി സംഖ്യകൂടി തരണമെന്നാണ് ഞാൻ നേരത്തെ പറഞ്ഞത്.

ശ്രീ. തോമസ് ജോസഫ്: കടലോരപ്രദേശങ്ങളിൽ കടലാക്രമണമുണ്ടാകുന്നതുപോലെ മലയോരപ്രദേശങ്ങളിൽ മലയാക്രമണം ഉണ്ടാകുന്നത് തടയാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശമുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: അതിനു നടപടിവേറെ എടുക്കേണ്ടിവരും.

ശ്രീ. ആർ. എസ്. ഉണ്ണി: കടലാക്രമണം തടയുന്നതിനു കെട്ടിയ ഭിത്തികളും മറ്റും വീണ്ടും കടലാക്രമണമുണ്ടായി താണുപോയ സ്ഥലങ്ങളിൽ വീണ്ടും ഭിത്തികെട്ടുകയോ അതു ശക്തിപ്പെടുത്തുകയോ ചെയ്യാൻ നടപടി സ്വീകരിക്കാറുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. എം.കെ. രാഘവൻ: അത്തരം ഏർപ്പാടുകൾ ചെയ്യുന്നുണ്ട്. റീ ഫാർമേഷൻ വർക്ക് ഇതിനും ബാധകമാണ്. ഭിത്തി കെട്ടി കുറെ കാലം കഴിയുമ്പോഴും ആക്രമണത്തിന്റെ ഫലമായി സിംഗിംഗ് ചെയ്തുപോകും. അങ്ങനെ ചെയ്യുന്ന സ്ഥലത്ത് റീ ഫാം ചെയ്യുന്നുണ്ട്.

ശ്രീ. കെ. സുകുമാരനുണ്ണി: കടലോരപ്രദേശങ്ങളിലെന്നതുപോലെ പുഴയോരപ്രദേശങ്ങളിലും ഉണ്ടാകുന്ന ആക്രമണം തടയാൻ പുഴയോരങ്ങൾ കെട്ടി സംരക്ഷിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: ഈ പദ്ധതിയിൽ അതില്ല.

ശ്രീ. എം.കെ. കൃഷ്ണൻ: കടൽബണ്ടു കെട്ടിയിട്ട് അതിന്റെ മെയിന്റനൻസിന് യാതൊരു നടപടിയും വേണ്ടസമയത്തു സ്വീകരിക്കാത്തതുകൊണ്ടല്ലേ ഇങ്ങനെ സിംഗുചെയ്തുപോകുന്നത്. അതുകൊണ്ട് കടൽഭിത്തി കെട്ടിയാൽ അതു മെയിന്റനൻസ് ചെയ്യാനുള്ള ഏർപ്പാടും കൂടി സ്വീകരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: അതു വിദഗ്ധൻമാരോടു ചോദിച്ചു മാത്രമേ മറുപടി പറയാൻ പറ്റുകയുള്ളു. അവിടെ എന്തു മെയിന്റനൻസാണ്, മെയിന്റനൻസു നടത്താത്തതുകൊണ്ടാണോ സിംഗിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടാകുന്നത്. എന്നുള്ളതെല്ലാം വിദഗ്ധൻമാരോടു ചോദിച്ചു പറയാൻ കഴിയുന്ന കാര്യമാണ്. അതുകൊണ്ട് അന്വേഷിച്ചു വിവരം പറയാം.

ശ്രീ. ബി.എം. ഷെറീഫ്: കടലാക്രമണനിരോധന പ്രവർത്തനങ്ങളുടെ ഭാഗമായി ഇപ്പോഴും ചെയ്യുന്ന പുലിമുട്ടും, കടൽ ഭിത്തിയും ഒക്കെ വേണ്ടത്ര ഗുണകരമാകുന്നില്ല. താണുപോകുന്നു എന്നു മന്ത്രി തന്നെ പറഞ്ഞു. മെയിൻറനൻസില്ലാത്തതാണ് അതിനുള്ള കാരണമെന്നും മറ്റു ചിലർ പറയുന്നു. അപ്പോഴും ഇതൊരു ദേശീയ പ്രശ്നമായി കണക്കിലെടുത്ത് ഒരു പദ്ധതി ആവിഷ്ക്കരിക്കാൻ തയ്യാറാകുമോ; സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ഒരു കമ്മീഷനെ അതിനുവേണ്ടി ചുമതലപ്പെടുത്തുമോ?

ശ്രീ. എം.കെ. രാഘവൻ: ഇതൊരു ദേശീയപ്രശ്നമെന്ന നിലയിൽ തന്നെയാണ് കൈകാര്യം ചെയ്യുന്നത്. അതുകൊണ്ടാണ് ഇതിൽ ഒരു പദ്ധതിയുണ്ടാക്കി 2:1 എന്ന റേഷ്യോ വച്ച് കേന്ദ്രഗവൺമെൻറ് സഹായം തരുന്നത്. ദേശീയ നിലവാരത്തിൽ തന്നെയാണ് കൈകാര്യം ചെയ്യുന്നത്.

ശ്രീ. ടി. എച്ച്. മുസ്തഫ: വൈപ്പിൻ, ചെല്ലാനം പ്രദേശങ്ങളിലെ കടലാക്രമണം ശാശ്വതമായി പരിഹരിക്കുന്നതിനുവേണ്ടി ഇപ്പോഴും ഏർപ്പാടു ചെയ്തിട്ടുള്ള വർക്കുകൾ കഴിഞ്ഞാൽ ബാക്കി മറ്റു പ്രദേശങ്ങളിൽകൂടി കടൽഭിത്തി കെട്ടി പൂർണ്ണമാക്കാനും അതിൻറെ മെയിൻറനൻസു നടത്താനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ.എം.കെ. രാഘവൻ: ബൈ സ്റേറജായിട്ടല്ലാതെ ഒരു വർഷം കൊണ്ടു നടക്കുകയില്ല. കുറെക്കാലംകൊണ്ട് ബൈ സ്റേറജായിട്ടു എല്ലാ സ്ഥലവും പ്രൊട്ടക്ട് ചെയ്യും.

വ്യവസായ സർവ്വകലാശാല

* 479 [503] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സഭയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു വ്യവസായ സർവ്വകലാശാല രൂപീകരിക്കുന്നതിനുള്ള പ്രൊജക്ട് റിപ്പോർട്ട് വ്യവസായ കമ്മീഷണറേറ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിൻറെ ഉദ്ദേശലക്ഷ്യങ്ങൾ വിശദീകരിക്കുമോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി.എസ്. ശ്രീനിവാസൻ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. ലോനപ്പൻ നമ്പാടൻ: വ്യവസായ സർവ്വകലാശാല സ്ഥാപിക്കണമെന്നു തീരുമാനിക്കുമ്പോൾ കേരളത്തിൻറെ മദ്ധ്യഭാഗമായ തൃശ്ശൂരിൽ അതു സ്ഥാപിക്കാൻ തയ്യാറാകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: അതിനെപ്പറ്റി ആലോചിക്കുമ്പോഴാണല്ലോ ഈ പ്രശ്നം ഉദിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly